# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4396 25.06.2019 ൽ മറുപടിക്ക്**

**വടക്കീൻമാട് പാലത്തിന്റെ ബലക്ഷയം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി - പറമ്പിൽ പീടിക റോഡിലെ വടക്കീൻമാട് പാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) ഉണ്ട്. നിവേദനം ലഭിച്ചിട്ടില്ല. അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| ബി) പ്രസ്തുത റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | ബി) യൂണിവേഴ്സിറ്റി - പറമ്പിൽ പീടിക റോഡിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |
| സി) സർവ്വേ നടത്തിയ സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) നടപടികൾ സ്വീകരിക്കും. |
| ഡി) ഇത്തരം സന്ദർഭങ്ങളിൽ അതിർത്തി നിർണ്ണയിച്ച് കല്ല് സ്ഥാപിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) സർവ്വേ നടത്തിയ സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എസ്.എൽ.ടി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ